**ഭരണഭാഷ – മാതൃഭാഷ**

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**
(ഹാജർ : ശ്രീ.ജോമോൻ കെ ജോർജ്ജ്, ബി.ടെക്)

**ഉത്തരവ് നം. ബി2–161/2021/സി.ഇ തീയതി : 26/04/2023**

വിഷയം:– ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - ജീവനക്കാര്യം - അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) (ഡിപ്ലോമ) തസ്തികയിൽ ബൈട്രാൻസ്ഫർ നിയനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :– 1. സ.ഉ(സാധാ.) നം. 316/2023/മ.തു.വ തീയതി. 13/04/2023.
2. എച്ച്.ഇ.സി.ഇ/14/2022/ബി4 നമ്പരായുള്ള 08/03/2023 ലെ ഗസറ്റ് വിജ്ഞാപനം

ഹാർബർ എഞ്ചിനീയറിംഗ് എറണാകുളം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി.ദീപ.എൻ.എസ് ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി സ്ഥാനക്കയറ്റം ലഭിച്ചത് വഴി അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ – ഡിപ്ലോമ) തസ്തികയിൽ ഒരു ഒഴിവ് ഉണ്ടായിട്ടുണ്ട്. ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ – ഡിപ്ലോമ) മാരിൽ നിന്നും സ്ഥാനക്കയറ്റം മുഖേനയാണ് ടി ഒഴിവ് നികത്തേണ്ടത്. രണ്ടാം പരാമർശത്തിലെ സെലക്ട് ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയറായ തങ്കശ്ശേരി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ.അബ്ദുൾ കലാം.എയ്ക്കാണ് സ്ഥാനക്കയറ്റത്തിന് അർഹത. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന സ്ഥാനക്കയറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് തങ്കശ്ശേരി സബ് ഡിവിഷനിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ.എ.അബ്ദുൾ കലാമിനെ 55200 – 115300 രൂപ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് എഞ്ചിനീയർ ആയി സ്ഥാനക്കയറ്റം നൽകി (ബൈട്രാൻസ്ഫർ നിയമനം) തോട്ടപ്പള്ളി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി. ശ്രീകൃഷ്ണ.റ്റി.എസ് ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി സ്ഥാനക്കയറ്റം നൽകിയത് വഴി ഉണ്ടായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒഴിവിൽ നിയമിക്കുന്നു.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീ.അബ്ദുൾ കലാം.എ, ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (മേലധികാരി മുഖേന)

പകർപ്പ്: 1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ദക്ഷിണ മേഖല / മദ്ധ്യമേഖല
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊല്ലം / ആലപ്പുഴ ഡിവിഷൻ
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തങ്കശ്ശേരി / തോട്ടപ്പള്ളി സബ് ഡിവിഷൻ
4. ചീഫ് എഞ്ചിനീയറുടെ സി.എ
5. ഐ.റ്റി. സെൽ
6. ഈ കാര്യാലയത്തിലെ ബി3 / ബി4 സെക്ഷനുകൾക്ക്.

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T4/Sh